# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *68 02.12.2015 - ൽ മറുപടിയ്ക്ക്

## സൗജന്യ മരുന്ന വിതരണ പദ്ധതി

| ചോദ്യം<br>ശ്രീ. ശ്രീ.ബെന്നി ബെഹനാൻ :<br>ശ്രീ. കെ മുരളീധരൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഷാഫി പറമ്പിൽ : | മറുപടി<br>ശ്രീ. വി.എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ)സംസ്ഥാനത്ത് സൗജന്യ മരുന്ന വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | ഉണ്ട് |
| (ബി)എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശി-ക്കുന്നത് ; വിശദമാക്കുമോ; | സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം പ്രമാണിച്ച് പ്രധാന സർക്കാർ ആശുപത്രികളിലൂടെ എല്ലാ വിഭാഗം രോഗികൾക്കും (ആദായനികുതി അടയ്ക്കുന്നവർ ഒഴികെ) ആവശ്യമായ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം 2012 നവംബർ ഒന്നിന് ആരംഭിച്ചു. 2013 ഒക്ടോബർ 2 ന് ഇത് എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിച്ചു. കൂടാതെ ടി പദ്ധതിയിലൂടെ മേൽപ്പറഞ്ഞ വിഭാഗം രോഗികൾക്ക് കാൻസർ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകളും കോർപ്പറേഷൻ വഴി സംഭരിച്ച് സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന ലഭ്യമാക്കി വരുന്നു.<br>2011 സാമ്പത്തിക വർഷം മുതൽ നടപ്പ സാമ്പത്തിക വർഷം ഉൾപ്പെടെ ഏകദേശം 1136 കോടി രൂപ മരുന്ന സംഭരണത്തിനായി സർക്കാർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി ചെലവിട്ടിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം ഏകദേശം 300 കോടിരൂപയുടെ 585 ഇനം മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും ആവർത്തിച്ച് ദർഘാസുകൾ ക്ഷണിച്ചിട്ടും വിതരണക്കാരെ ലഭിക്കാത്തതിനാൽ സംഭരിക്കുവാൻ സാധിക്കാത്ത 69 ഇനം മരുന്നുകൾ ഒഴികെ 516 ഇനം മരുന്നുകൾ പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്കും ലഭ്യമാക്കിക്കഴിഞ്ഞു. |

| | |
|---|---|
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സംസ്ഥാന ആരോഗ്യവകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉള്ള വാർഷിക ഇൻഡന്റ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ക്രോഡീകരിച്ച് ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണ ശാലകളിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രി കൾക്ക് നൽകി വരുന്നു. കൂടാതെ, ഏതെങ്കിലും അവശ്യമരുന്നുകൾക്ക് ക്ഷാമം ഉണ്ടാകുന്ന പക്ഷം മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കി അവ ആശുപത്രി തലത്തിൽതന്നെ വാങ്ങുന്നതിന് 05.6.2014 തീയതിയിലെ സ.ഉ.(സാധാ)നം.1856/ 2014/H&FWD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറവുണ്ടായാൽ (കോർപ്പറേഷനിൽ നിന്നും ലഭ്യമല്ലാത്ത മനോരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ) ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 17.11.2014 തീയതിയിൽ സ.ഉ.(സാധാ)നം.3725/2014/H&FWD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി സംഭരിച്ച് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച വാർഷിക ഇന്റന്റിന്റെ അടിസ്ഥാനത്തിൽ ദർഘാസ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ